"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം.ഡി.സി1/120/2021/തസ്വഭവ (Part I)
തദ്ദേശ സ്വയംഭരണ (ഡി.സി.) വകുപ്പ്
തിരുവനന്തപുരം,
തീയതി: 28/05/2021

## സർക്കുലർ

വിഷയം:- മഴക്കാല പകർച്ചവ്യാധി പ്രതിരോധം - ജനകീയ ശുചീകരണ പരിപാടി - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന:- 1. ഫെബ്രുവരി 8, 2021 ലെ സർക്കുലർ നം.26/ഡി.സി1/2021/തസ്വഭവ.

2.മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 2021 മേയ് 25 -ന് നടന്ന യോഗം.

2. ബഹു: തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെയും ബഹു. ആരോഗ്യവകുപ്പ് മന്ത്രിയുടെയും നേതൃത്വത്തിൽ മെയ് 26 ന് 12.30 ന് ചേർന്ന യോഗം.

4. ബഹു: തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 2021 മേയ് 27 ന് രാവിലെ 09.30 ന് ചേർന്ന യോഗം.

*********************

മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി സൂചന 1 പ്രകാരം സർക്കാർ വിശദമായ ഉത്തരവ് പുറപ്പെടുവിക്കുകയും അതു പ്രകാരം പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്യുകയുണ്ടായി. എന്നാൽ കോവിഡിന്റെ അതിവ്യാപനവും ലോക് ഡൗണും പ്രസ്തുത ക്യാമ്പയിന്റെ വിപുലമായ നടത്തിപ്പിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്ന് കണ്ടെത്തുകയുണ്ടായി.

ഇതിനിടയിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശുചീകരണ പ്രവർത്തനങ്ങൾ മുന്നോട്ടു നീക്കിയിട്ടുണ്ട്. വാർഡുതല കർമ്മ പരിപാടി തയാറാക്കലും അതിന്റെ അടിസ്ഥാനത്തിൽ പൊതുസ്ഥലങ്ങൾ ശുചീകരിക്കലും നടന്നു വരുന്നു. എന്നിരിക്കിലും, കോവിഡ് - 19 ന് ഒപ്പം മറ്റ് പകർച്ചവ്യാധികൾ കൂടി ഉണ്ടായാൽ കേരളത്തിന്റ പൊതുജനാരോഗ്യ സംവിധാനത്തിന് താങ്ങാൻ കഴിയില്ലെന്ന് മാത്രമല്ല ജനജീവിതം കൂടുതൽ ദുരിതപൂർണ്ണവുമാകും. അതുകൊണ്ട് മറ്റ് പകർച്ചവ്യാധികൾ പ്രതിരോധിക്കുന്നതിന് കൊതുക്, ഈച്ച, എലി തുടങ്ങിയ രോഗാണുവാഹകരായ ജീവികളുടെ വളർച്ച തടയൽ അനിവാര്യമാണ്. ഇക്കാര്യത്തിൽ പരിസര ശുചിത്വം ഉറപ്പാക്കൽ മാത്രമാണ് പോംവഴി. ഇതിനായി വിപുലമായ ശുചീകരണ പ്രവർത്തനം സംഘടിപ്പിക്കാൻ സൂചനകൾ 2 ഉം 3 ഉം പ്രകാരം തീരുമാനിച്ചിരുന്നു.

ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി 2021 ജൂൺ 5, 6 തീയതികളിൽ വീടും ചുറ്റുപാടും തൊഴിലിടങ്ങളും പൊതു സ്ഥലങ്ങളും കൊതുക്, ഈച്ച, എലി എന്നിവ വളരുന്ന സാഹചര്യം ഒഴിവാക്കുന്ന തരത്തിൽ മാലിന്യം നീക്കം ചെയ്ത് ശുചിത്വം ഉറപ്പാക്കേണ്ടതാണ്. കൂടാതെ വെള്ളിയാഴ്ചകളിൽ തൊഴിലിടങ്ങളിലും ശനിയാഴ്ചകളിൽ പൊതുസ്ഥലങ്ങളിലും ഞായറാഴ്ചകളിൽ വീടുകളിലും കൊതുക് വളരുന്ന സാഹചര്യം ഇല്ലാതാക്കുന്നതിനുള്ള ഡ്രൈ ഡേ ആചരിക്കുകയും വേണം.

ഈ കാര്യങ്ങളെല്ലാം ഏകോപിപ്പിക്കുവാനും ആസൂത്രണം ചെയ്യുവാനും നിരീക്ഷിച്ച് അപ്പപ്പോൾ നിർദ്ദേശം നൽകുവാനുമുള്ള ചുമതല ജില്ലാ ആസൂത്രണ സമിതികൾ വഹിക്കണം. ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ കോ-ചെയർമാൻ, ജില്ലാ ആസൂത്രണ സമിതിയുടെ അദ്ധ്യക്ഷൻ എന്നീ നിലകളിൽ ജില്ലാ പഞ്ചായത് പ്രസിഡന്റും ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ചെയർമാൻ, ജില്ലാ ആസൂത്രണ സമിതിയുടെ മെമ്പർ സെക്രട്ടറി എന്നീ നിലകളിൽ ജില്ലാ കളക്ടറും പ്രവർത്തിക്കുന്ന സാഹചര്യത്തിൽ അവർ നേതൃത്വം നൽകുന്ന സമിതിയായ ജില്ലാ ആസൂത്രണ സമിതി ജില്ലയിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും വകുപ്പുകളെയും ഏജൻസികളെയും ഏകോപിപ്പിച്ചുകൊണ്ടുള്ള പരിപാടികളും പ്രവർത്തനങ്ങളും തയ്യാറാക്കി നടപ്പിലാക്കണം. ഇതിന്റെ ഭാഗമായി പൊതുമരാമത്ത്, ജലസേചനം, ജല അതോറിറ്റി, പൊതു വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ വകുപ്പുകളെ കൂടി ഉൾപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ ജില്ലാ ആസൂത്രണ സമിതിയും ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും പ്രത്യേക ശ്രദ്ധ പതിപ്പിക്കണം. ഇതിനോടനുബന്ധിച്ച് ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾ അടിയന്തരമായി സംഘടിപ്പിക്കേണ്ടതാണ്.

1. പഞ്ചായത്ത്, നഗരസഭാതലങ്ങളിൽ നിലവിൽ കോവിഡ് പ്രതിരോധത്തിനായി പ്രവർത്തിച്ചു വരുന്ന കോർ ഗ്രൂപ്പ് മെഡിക്കൽ ഓഫീസറെയും ഉൾപ്പെടുത്തി അടിയന്തര യോഗം ചേർന്ന് (മെയ് 30) മുൻ വർഷങ്ങളിൽ തദ്ദേശ സ്വയംഭരണപ്രദേശത്ത് കൊതുക്ജന്യ, ജലജന്യ രോഗങ്ങളും എലിപ്പനിയും കൂടുതൽ റിപ്പോർട്ട് ചെയ്ത പ്രദേശങ്ങളും സാധ്യതയുള്ള പ്രദേശങ്ങളും വിലയിരുത്തി പ്രസ്തുത പ്രദേശങ്ങളിൽ ശുചീകരണ - ബോധവത്ക്കരണ പ്രവർത്തനങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം. ഇത് സംബന്ധിച്ച കണക്കും വിവരങ്ങളും ആരോഗ്യ വിഭാഗം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് അടിയന്തരമായി നൽകണം.

2. ജൂൺ 1 ന് ഭരണ സമിതി യോഗം ചേർന്ന് ശുചീകരണ ക്യാമ്പയിൻ സംഘടിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് കൃത്യമായ രൂപം നൽകണം. ഇതിനു മുന്നോടിയായി ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി യോഗം ചേർന്ന് കരട് പരിപാടി തയ്യാറാക്കണം.

2.1. വാർഡ് തല മോണിട്ടറിങ് സമിതികളേയും വാർഡ് ശുചിത്വ - ആരോഗ്യ സമിതി, RRT, ക്ലസ്റ്റർ കമ്മിറ്റികളേയും ബന്ധപ്പെടുത്തി, സന്നദ്ധ പ്രവർത്തകർ, രാഷ്ട്രീയ- യുവജന സംഘടനകൾ, തൊഴിലാളി സംഘടനകൾ, NCC, NSS, കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, റെസിഡൻസ് അസോസിയേഷനുകൾ തുടങ്ങി ബന്ധിപ്പിക്കാൻ കഴിയുന്ന എല്ലാ സംഘടനകളേയും വ്യക്തികളേയും വാർഡു തലത്തിലും തദേശ ഭരണ സ്ഥാപന തലത്തിലും ഏകോപിപ്പിച്ച് ശുചീകരണ പ്രവർത്തനത്തിനായി രംഗത്തിറക്കണം.

2.2. കൊതുകിന്റെ ഉറവിടം നശിപ്പിക്കുക, കൊതുക് വളരാനുള്ള സാഹചര്യം ഒഴിവാക്കുക എന്നതായിരിക്കണം ശുചീകരണത്തിൽ മുഖ്യമായും ശ്രദ്ധ നൽകേണ്ടത്.

2.3. വാർഡിനെ 30 - 50 വീടുകൾ വീതം വരുന്ന ക്ലസ്റ്ററുകളായി തിരിച്ച് ഓരോ ക്ലസ്റ്ററിലേയും മുഴുവൻ വീടുകളും അതിനുള്ളിൽ വരുന്ന സ്ഥാപനങ്ങളും മാലിന്യമുക്തമാക്കാനും കൊതുക് വളരുന്ന സാഹചര്യം ഒഴിവാക്കിയെന്ന് ഉറപ്പാക്കാനും കഴിയണം. ക്ലസ്റ്റർ ചുമതലയുള്ള പ്രവർത്തകർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

2.4. ശുചീകരണ പ്രവർത്തനത്തിന് നേതൃത്വം നൽകുന്ന പ്രവർത്തകർ കർശനമായും കോവിഡ് പ്രോട്ടോക്കോൾ പാലിക്കുന്നുണ്ടെന്ന് വാർഡിലെ RRT ഉറപ്പാക്കേണ്ടതാണ്.

2.5. കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ നേതൃത്വത്തിൽ ഓരോ അയൽക്കൂട്ട കുടുംബവും മാലിന്യമുക്തവും കൊതുക് വളരുന്ന സാഹചര്യവും ഇല്ലായ്മ ചെയ്യുന്നതിനുള്ള പ്രവർത്തനം സംഘടിപ്പിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ഹരിത കർമസേന അംഗങ്ങൾ, നഗരങ്ങളിലെയും ഗ്രാമങ്ങളിലെയും തൊഴിലുറപ്പ് തൊഴിലാളികൾ എന്നിവരെയും ഉൾപ്പെടുത്തി വേണം ഈ പരിപാടികൾ സംഘടിപ്പിക്കുവാൻ.

2.6. എലിപ്പനി സാധ്യതയുള്ള പ്രദേശങ്ങൾ, അത്തരം സ്ഥലങ്ങളിൽ തൊഴിലിൽ ഏർപ്പെടുന്നവർക്ക് PHC യുമായി ബന്ധപ്പെടുത്തി ബോധവൽക്കരണവും ആരോഗ്യ പ്രവർത്തകരുടെ മേൽനോട്ടത്തിൽ ഡോക്സിസൈക്ലിൻ - നൽകുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

2.7. കോവിഡ് പ്രതിരോധത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നതോടൊപ്പം ഡെങ്കി, ചിക്കൻഗുനിയ, മലേറിയ, എലിപ്പനി തുടങ്ങിയ പകർച്ചവ്യാധികൾ പ്രതിരോധിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കൂടി ബോധവൽക്കരണത്തിൽ ഉൾപ്പെടുത്തി പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്.

2.8. ശുചീകരണം, മാലിന്യം നീക്കം ചെയ്യൽ , കൊതുക് നശീകരണം എന്നിവക്കായി വാർഡ് ശുചിത്വ - ആരോഗ്യ സമിതിക്ക് ലഭിക്കുന്ന തുകയിൽ നിന്നും വിനിയോഗിക്കാവുന്നതാണ്.

3. ശുചീകരണത്തിന്റ ഭാഗമായി രൂപപ്പെടുന്ന പുന:ചംക്രമണ സാധ്യമല്ലാത്ത മാലിന്യം നീക്കം ചെയ്യുന്നതിന് ക്ലീൻ കേരള കമ്പനിയുമായി സൂചന 3 ലെ നിർദേശാനുസരണം നടപടി സ്വീകരിക്കേണ്ടതാണ്.

4. ഇങ്ങനെ മാലിന്യം നീക്കം ചെയ്യപ്പെട്ട സ്ഥലങ്ങളിൽ വീണ്ടും മാലിന്യം ഉണ്ടാകാൻ സാധ്യതയുള്ളിടത്ത് പൂച്ചെടികളും മറ്റും നട്ടു വളർത്തി സൗന്ദര്യവത്കരിക്കുന്നതിനുള്ള നടപടി കൈക്കൊള്ളണം.

5. ജൂൺ 5, 6 തീയതികളിൽ ആരംഭിക്കുന്ന ക്യാമ്പെയിനിന് മുൻപായി എല്ലാ MCF കളിൽ നിന്നും ഇതിനകം ശേഖരിച്ച വസ്തുക്കൾ Clean Kerala Company (അല്ലെങ്കിൽ കരാറിൽ ഏർപ്പെട്ടിട്ടുള്ള മറ്റു ഏജൻസി) വഴി നീക്കം ചെയ്യുന്നു എന്ന് ഉറപ്പു വരുത്തണം.

6. വീടും പരിസരവും കൊതുക് വളരുന്ന സാഹചര്യം ഇല്ലായ്മ ചെയ്യുന്നതിനും പകർച്ചവ്യാധി പ്രതിരോധത്തിനും സ്കൂൾ വിദ്യാർത്ഥികളെ കൂടി പങ്കാളികളാക്കണം. വിദ്യാർത്ഥികൾ ഓൺലൈൻ വിദ്യാഭ്യാസത്തിൽ പരിചയം നേടിയതു കൊണ്ട് മാർഗ്ഗ നിർദേശം നൽകുന്നതിന് പ്രസ്തുത സാധ്യത പ്രയോജനപ്പെടുത്താവുന്നതാണ്. ഇതിനായി പഞ്ചായത്ത്, നഗരസഭയിലെ സ്കൂളുകളുമായി ബന്ധപ്പെട്ട് പ്രവർത്തനം ആസൂത്രണം ചെയ്തു നടപ്പിലാക്കണം.

7. ഇതോടൊപ്പം ഓൺലൈൻ ക്ലാസ്സുകൾ തുടങ്ങുമ്പോൾ പകർച്ചവ്യാധി പ്രതിരോധത്തിൽ എല്ലാ ദിവസവും വിദ്യാർത്ഥികൾ നിരീക്ഷിക്കേണ്ടതും ചെയ്യേണ്ടതുമായ കാര്യങ്ങൾ ക്ലാസ്സിന് ഒപ്പം നൽകാനുള്ള നടപടി വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട് ശുചിത്വ മിഷനും ഹരിത കേരളം മിഷനും ആരോഗ്യ വകുപ്പും നടപടി സ്വകരീക്കേണ്ടതാണ്. ജൂൺ 5 ലോക പരിസര ദിനമെന്ന നിലയിൽ ആചരിക്കുവാനും ശ്രദ്ധിക്കണം.

8. കിലയുടെ നേതൃത്വത്തിൽ മുഴുവൻ വാർഡ് മോണിട്ടറിങ് സമിതികൾക്കും RRTകൾക്കും കുടുംബശ്രീ അംഗങ്ങൾക്കും ഹരിത കർമ സേന അംഗങ്ങൾക്കും നഗരങ്ങളിലെയും ഗ്രാമീണ മേഖലയിലെയും തൊഴിലുറപ്പ് തൊഴിലാളികൾക്കും ആശ-അംഗനവാടി പ്രവർത്തകർക്കും പകർച്ചവ്യാധി പ്രതിരോധത്തിന് പ്രത്യേക പരിശീലനം മേയ് 29,30 തിയതികളിൽ നൽകേണ്ടതാണ്. ആരോഗ്യ വകുപ്പിന്റെ സഹായവും ഇതിനായി ലഭ്യമാക്കേണ്ടതാണ്.

9. പകർച്ചവ്യാധി പ്രതിരോധവുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ സംബന്ധിച്ച് കില ആരോഗ്യ വകുപ്പുമായി ചേർന്ന് പ്രത്യേക ഓൺലൈൻ പരിശീലന പരിപാടി ജൂൺ 1-3 വരെ സംഘടിപ്പിക്കേണ്ടതാണ്. അതോടൊപ്പം ഇതിനായുള്ള മറ്റ് ബോധവത്കരണ മാർഗങ്ങളും സ്വീകരിക്കേണ്ടതാണ്.

10. ജൂൺ 5 ന് പൊതുസ്ഥലങ്ങളും സ്ഥാപനങ്ങളും മാലിന്യങ്ങൾ നീക്കം ചെയ്തു ശുചീകരിക്കാനും ജൂൺ 6 വീടും പരിസരവും ശുചീകരണം നടത്തുന്ന രീതിയിലും ക്യാമ്പയിൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്.

11. ജൂൺ 5 ലോക പരിസര ദിനമെന്ന രീതിയിലും ആചരിക്കേണ്ടതാണ്.

12. സ്ക്രാപ് ഷോപ്പുകൾ സന്ദർശിച്ച് കൊതുക് വളരുന്ന സാഹചര്യം ഇല്ലെന്ന് ഉറപ്പാക്കണം. ഇതോടൊപ്പം സ്റ്റോക്കുള്ള സാധനങ്ങൾ പുനഃ ചംക്രമണ കമ്പനികൾക്ക് കൈമാറുന്നതിനോ സുരക്ഷിതമായി സംഭരിക്കുന്നതിനോ അടിയന്തര നടപടി സ്വീകരിക്കണം.

13. കൊതുക് നിവാരണം സംബന്ധിച്ച് ഓരോ വീട്ടിലും ഉള്ള സാഹചര്യം മനസ്സിലാക്കി പ്രവർത്തിക്കാൻ ഇതോടൊപ്പം ചേർത്തിട്ടുള്ള ചോദ്യാവലി മാതൃകയായി ഉപയോഗിച്ച് പരിപാടി തയ്യാറാക്കാം. (അനുബന്ധം)

14. ഡബിൾ മാസ്കിംഗ് വന്നതോട പുനരുപയോഗ സാധ്യമല്ലാത്ത സർജിക്കൽ മാസ്ക് വീടുകളിലും സ്ഥാപനങ്ങളിലും ധാരാളം മാലിന്യമായി വരുന്നുണ്ട്. ഇത് സുരക്ഷിതമായി സംസ്കരിക്കുന്നതിനുള്ള മാർഗ്ഗ നിർദേശം മുഴുവൻ വീടുകളിലും സ്ഥാപനങ്ങളിലും RRT

വഴിഎത്തിക്കാൻ പ്രത്യേക ശ്രദ്ധ നൽകണം.

15. മാർക്കറ്റ്, ഹോട്ടൽ, ബേക്കറി തുടങ്ങിയ സ്ഥലങ്ങളിൽ ശുചിത്വം സംബന്ധിച്ചും വെള്ളം സംബന്ധിച്ചും കൃത്യമായ ശ്രദ്ധ പതിപ്പിക്കണം.

16. തിളപ്പിച്ചാറ്റിയ വെള്ളം കുടിവെള്ളമായി ഉപയോഗിക്കുന്നതിനുള്ള പ്രത്യേക പ്രചാരണം നൽകണം. സുരക്ഷിത കുടിവെള്ള ലഭ്യത പ്രശ്നമുള്ള പ്രദേശങ്ങളിൽ കുടിവെള്ള ലഭ്യത ഉറപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

17. ശുചീകരണം, ഡ്രൈ ഡേ എന്നിവ സംബന്ധിച്ച് ശക്തമായ പ്രചാരണം ശുചിത്വ മിഷനും ഹരിത കേരളമിഷനും കൂടി സംഘടിപ്പിക്കേണ്ടതാണ്.

18. മൺസൂണിന്റെ ഭാഗമായി ഉണ്ടാകാവുന്ന ചെറുതും വലുതുമായ ദുരന്തങ്ങളും അപകടങ്ങളും നേരിടുന്നതിനായി കില സംസ്ഥാന ദുരന്ത നിവാരണ അഥോറിറ്റിയുമായി ചേർന്ന് പരിശീലനങ്ങളും ബോധവത്കരണ പ്രവർത്തനങ്ങളും സംഘടിപ്പിക്കേണ്ടതാണ്.

19. മുൻപ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കിയ ദുരന്ത നിവാരണ പദ്ധതിയിൽ സൂചിപ്പിച്ചിട്ടുള്ള അടിയന്തര പ്രതികരണ ടീം (Emergency Response Team ERT) ദുരന്ത മാനേജ്മന്റ് പ്രവർത്തനങ്ങൾക്കായി സജ്ജമാക്കി പ്രവർത്തിപ്പിക്കണം. ആവശ്യമെങ്കിൽ പ്രസ്തുത ടീം പുന:സംഘടിപ്പിക്കുകയുമാവാം.

20. ദുരിതാശ്വാസ ക്യാമ്പുകൾ കോവിഡ് പ്രോട്ടോക്കോൾ പാലിച്ചും ആരോഗ്യ വകുപ്പിന്റെ നിർദേശങ്ങൾക്കനുസരിച്ചും സൗകര്യമുള്ള സ്ഥലങ്ങൾ അടിയന്തരമായി കണ്ടെത്തി സജ്ജമാക്കേണ്ടതാണ്.

21. സാധാരണ ദുരിതാശ്വാസ ക്യാമ്പുകൾ സജ്ജമാക്കാറുള്ള പല സ്ഥാപനങ്ങളും നിലവിൽ DCC, CFLTCകളായി പ്രവർത്തിക്കുന്നുണ്ട്. ആയതിനാൽ സുരക്ഷിതമായ മറ്റു സ്ഥലങ്ങൾ മേയ് 30, ജൂൺ 1 നുള്ളിൽ കണ്ടെത്തേണ്ടതാണ്. പ്രാദേശിക ദുരന്ത നിവാരണ പദ്ധതിയിലും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി (KSDMA) തയ്യാറാക്കിയ ഇൻവെന്ററിയിലും ഇതിന് സാധ്യമായ സ്ഥാപനങ്ങളുടെ പട്ടികയുണ്ട്. അത് ഉപയോഗിക്കുക.

22. ദുരിതാശ്വാസ ക്യാമ്പുകളുടെ നടത്തിപ്പ് സംബന്ധിച്ച സർക്കാർ മാർഗ നിർദ്ദേശങ്ങളും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി തയ്യാറാക്കിയ ഓറഞ്ച് ബുക്കിലെ നിർദ്ദേശങ്ങളും കൃത്യമായി പാലിക്കുക.

23. ഏതൊരിടത്തും കോവിഡ് രോഗികളുമായോ കോവിഡ് സംശയിക്കുന്നവരുമായോ ഇടപഴകുന്ന പ്രവർത്തകർ തീർച്ചയായും PPE കിറ്റ് ധരിക്കേണ്ടതാണ്.

24. പകർച്ചവ്യാധി പ്രതിരോധവുമായി ബന്ധപ്പെട്ട് ആവശ്യമായ മരുന്ന്, കൊതുക് നശീകരണത്തിനുള്ള ഉപാധികൾ, PPE കിറ്റ് തുടങ്ങിയവ സ്റ്റോക്കുണ്ടെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കേണ്ടതാണ്.

25. തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലുള്ള കോർ ഗ്രൂപ്പിന്റെ നേതൃത്വത്തിൽ ദുരിതാശ്വാസ ക്യാമ്പുകൾക്ക് ആവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കണം. ജൂൺ 2 ന് മുമ്പ് ഇക്കാര്യം ഉറപ്പാക്കണം.

26 കോവിഡ് പ്രതിരോധം, ശുചീകരണം, പകർച്ച വ്യാധി പ്രതിരോധം, ദുരന്ത മാനേജ്മന്റ്, ദുരിതാശ്വാസ ക്യാമ്പുകൾ തുടങ്ങി പലവിധ പ്രവർത്തനങ്ങൾ ഒരേ സമയം സംഘടിപ്പിക്കേണ്ടതിനാൽ ഓരോന്നിനും വ്യക്തമായ ചുമതലയോടെ ഉദ്യോഗസ്ഥരെ നിയോഗിക്കണം.

SARADA MURALEEDHARAN IAS
ADDITIONAL CHIEF SECRETARY

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും (ശുചിത്വ മിഷൻ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പൽ കോർപ്പറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ്എ. / ജി&എസ്എസ്എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,

Baikumar

സെക്ഷൻ ഓഫീസർ.

പകർപ്പ്:

ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ.യ്ക്ക്
ആരോഗ്യ - കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.ക്ക്